ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**DATE: 29-05.2026** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1). ജനജീവിതത്തെ സ്പർശിക്കും വിധം സംസ്ഥാനത്ത് വികസനം നടപ്പാക്കുമെന്ന് ഉറപ്പു നൽകി 16-ാാം കേരള നിയമസഭയിൽ ഗവർണറുടെ നയപ്രഖ്യാപനം. കേരളത്തെ തുറമുഖ കേന്ദ്രമാക്കി മാറ്റുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.

2) സർക്കാരിൻറെ നയങ്ങളാണ് ഗവർണർ പ്രഖ്യാപിച്ചതെന്നും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുമെന്നും മുഖ്യമന്ത്രി വി ഡി സതീശൻ.

3) കേരളത്തിൻറെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറായി എ കൗഷിഗൻ നിയമിതനായി

4) എക്സൈസ് നവീകരണത്തിന് സമഗ്ര പദ്ധതി തയാറാക്കുമെന്നും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്നും മന്ത്രി എം. ലിജു

5) സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**6)ഐപിഎൽ ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ, ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസ് പോരാട്ടം.**

❁❁❁❁❁❁❁❁❁❁❁❁❁

നയപ്രഖ്യാപനം ഡസ്സ്(ഇൻട്രോ)

ജനജീവിതത്തെ സ്പർശിക്കുന്ന വിധത്തിൽ സംസ്ഥാനത്ത് വികസനം നടപ്പാക്കുമെന്ന് ഉറപ്പു നൽകി 16-ാാം കേരള നിയമസഭയിൽ ഗവർണറുടെ ആദ്യ നയപ്രഖ്യാപനം. ഭരണ നിർവഹണം ലളിതവും, വേഗമേറിയതുമാക്കുമെന്നും, മതനിരപേക്ഷ മൂല്യങ്ങളെ സർക്കാർ സംരക്ഷിക്കുമെന്നും ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നയ പ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞു. സംസ്ഥാനത്തിൻറെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകാൻ ധവളപത്രം പുറപ്പെടുവിക്കും. സർക്കാർ പ്രഖ്യാപിച്ച ഇന്ദിര ഗാരണ്ടികൾ ജനങ്ങൾക്ക് ഉറപ്പു നൽകിക്കൊണ്ടിയിരുന്നു ഗവർണറുടെ നയപ്രഖ്യാപനം. വിശദാംശങ്ങളിലേക്ക്.....

(വോയിസ്)

കൃഷി, സർക്കാരിൻറെ മുൻഗണന ആയിരിക്കുമെന്നും, കർഷകർ നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുമെന്നും ഗവർണർ നയപ്രഖ്യാപനത്തിൽ വ്യക്തമാക്കി. കേരളത്തെ തുറമുഖ ഹബ് ആക്കി മാറ്റുന്നതിന് പുറമേ വ്യോമയാന മേഖലയിൽ സമഗ്ര വികസനം ഉറപ്പുവരുത്തും. സ്കൂൾ വിദ്യാർത്ഥിനികൾക്ക് മാസത്തിൽ 3 ദിവസം ആർത്തവ അവധി നൽകും. അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് ആറ് മാസത്തെ പ്രസവാവധി അനുവദിക്കും. സംസ്ഥാനത്തെ എല്ലാ നഗരങ്ങളും വയോജന സൗഹൃദമാക്കും. സമഗ്ര സിനിമാ നയം രൂപീകരിക്കുന്നതിനൊപ്പം, മീഡിയ സിറ്റി, ക്രിയേറ്റീവ് ഇൻഡസ്ട്രി ഹബ് എന്നിവ വികസിപ്പിക്കും. സഹകരണ

മേഖലയുടെ വിശ്വാസ്യത തിരിച്ചു പിടിക്കും. ക്ഷേത്രങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് മലബാർ തീർത്ഥാടന പദ്ധതി ആവിഷ്കരിക്കും. ലഹരി വ്യാപനത്തിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിൻറെ ഭാഗമായി എക്സൈസ് വകുപ്പിൽ സമഗ്ര പരിഷ്കാരം കൊണ്ടുവരും. റേഷൻ കടകളുടെയും മാവേലി സ്റ്റോറുകളുടെയും എണ്ണം കൂട്ടുന്നതിലൂടെ ജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കും. പോലീസിലും സമഗ്ര പരിഷ്കരണം നടപ്പാക്കും. സർക്കാർ ആശുപത്രികളിലെ സേവനം മെച്ചപ്പെടുത്തുമെന്നും ഒരു മണിക്കൂർ ഒൻപത് മിനുട്ട് നീണ്ട നയപ്രഖ്യാപനത്തിൽ ഗവർണ്ണർ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യ മന്ത്രി - നയ പ്രഖ്യാപനം - ഇൻട്രോ

പുതിയ സർക്കാരിൻറെ നയങ്ങളാണ് ഗവർണർ പ്രഖ്യാപിച്ചതെന്നും ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കുമെന്നും മുഖ്യ മന്ത്രി വി ഡി സതീശൻ. ഇന്ദിര ഗ്യാരൻറി നടപ്പാക്കുമെന്നും കേരളത്തെ തുറമുഖ നഗരമാക്കി മാറ്റുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ്)

കിഫ്ബിയുടെ കാര്യത്തിൽ സർക്കാർ പഠിച്ച ശേഷം തീരുമാനം എടുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## നയപ്രഖ്യാപനം-പിണറായി വിജയൻ

കേരളത്തിൻറെ ഭാവിക്കും, സമഗ്ര വികസനത്തിനും സഹായകമായ നിർദ്ദേശങ്ങൾ നയപ്രഖ്യാപനത്തിൽ ഉണ്ടായിരുന്നില്ലെന്ന് പ്രതിപക്ഷനേതാവ് പിണറായി വിജയൻ. കേന്ദ്ര സർക്കാരിൽ നിന്നും ചോദിച്ചു വാങ്ങേണ്ട കാര്യങ്ങളെക്കുറിച്ച് നയപ്രഖ്യാപനം മൗനം

പാലിച്ചതായും അദ്ദേഹം വിമർശിച്ചു. പശ്ചിമേഷ്യൻ സാഹചര്യം കേരളത്തെ എങ്ങനെ ബാധിക്കുമെന്നതിനെ സംബന്ധിച്ച് പരാമർശമുണ്ടായില്ലെന്നും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## നയ പ്രഖ്യാപനം- രാജീവ് ചന്ദ്രശേഖർ

നയ പ്രഖ്യാപനത്തിൽ സർക്കാർ പറയുന്ന കാര്യങ്ങൾ ആത്മാർത്ഥമായി നടപ്പാക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ MLA. ലക്ഷ്യങ്ങൾ നടപ്പിലാക്കാനായി നിയമസഭയിൽ ശക്തമായി സമ്മർദ്ദം ചെലുത്തുമെന്നും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸

## ¬ഉപരാഷ്ട്രപതി

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ മറ്റന്നാൾ കേരളത്തിലെത്തും. കോട്ടയത്ത്, ദീപിക ദിനപത്രത്തിൻറെ 140-ാമത് വാർഷികാഘോഷങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. കർണാടക സന്ദർശനം തുടരുന്ന ഉപരാഷ്ട്രപതി ഇന്ന് ബംഗളുരുവിലും ദാവൺഗരെയിലും വിവിധ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്.

☸☸☸☸☸☸☸☸☸☸☸☸☸

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ

കേരളത്തിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറായി എ കൗഷിഗൻ നിയമിതനായി. 2009 ബാച്ചിലെ ഐ.എ.എസ് ഉദ്യോഗസ്ഥനാണ്. ഡോ. രത്തൻ യു കേൽക്കർ മുഖ്യമന്ത്രിയുടെ സെക്രട്ടറിയായി നിയമിതനായതോടെയാണ് പുതിയ നിയമനം

☸☸☸☸☸☸☸☸☸☸☸☸☸

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

☸☸☸☸☸☸☸☸☸☸☸☸☸

ഇഡി

പ്രതിപക്ഷ നേതാവ് പിണറായി വിജയൻറെ വീട്ടിൽ കഴിഞ്ഞ ദിവസമുണ്ടായ ഇ.ഡി റെയ്ഡ് സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നില്ലെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. റെയ്ഡ് കേന്ദ്ര ഏജൻസിയുടെ നടപടിയാണെന്നും, സംസ്ഥാന സർക്കാരിന് റെയ്ഡിൽ പങ്കില്ലെന്നും അദ്ദേഹം പറഞ്ഞു. റെയ്ഡിനെ തുടർന്നുണ്ടായ സംഘർഷം ലഘൂകരിക്കാൻ പോലീസിന് സാധിച്ചതായും, ക്രമസമാധാനം തകർക്കാൻ ആരെയും അനുവദിക്കില്ലെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

മന്ത്രി എം. ലിജു. - എക്സൈസ്

എക്സൈസ് നവീകരണത്തിന് സമഗ്ര പദ്ധതി തയാറാക്കുമെന്നും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

ശക്തിപ്പെടുത്തുമെന്നും മന്ത്രി എം. ലിജു. കാലാനുസൃതമായ മാറ്റങ്ങൾ വകുപ്പിൽ ഉണ്ടാകേണ്ടതു അനിവാര്യമാണെന്നും തിരുവനന്തപുരത്തു നടന്ന എക്സൈസ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ അദ്ദേഹം പറഞ്ഞു. മയക്കുമരുന്ന് വെല്ലുവിളിയെ നേരിടാൻ ഉദ്യോഗസ്ഥർക്ക് കൂടുതൽ സംവിധാനങ്ങൾ ആവശ്യമുണ്ടെന്ന് പറഞ്ഞ മന്ത്രി, വകുപ്പിൽ അഴിമതി അനുവദിക്കില്ലെന്നും വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸

## സ്കൂൾ പ്രവേശനോത്സവം (ഇൻട്രോ)

സംസ്ഥാനത്ത് സ്കൂൾ പ്രവേശനോത്സവം ജൂൺ ഒന്നിന്. സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ തിരുവനന്തപുരത്ത് നിർവഹിക്കും. **വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.......**

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## പത്മനാഭ സ്വാമി

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ നിന്നും നഷ്ടപ്പെട്ടതായി, സംസ്ഥാന പോലീസ് മേധാവി സർക്കാരിന് നൽകിയ റിപ്പോർട്ടിൽ പറയുന്ന വൈരനാമവും വിളക്കും ശ്രീകോവിലിൽ സുരക്ഷിതമാണെന്ന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ. സുരക്ഷ പരിശോധനയില്ലാതെ ചിലർ ക്ഷേത്രത്തിൽ പ്രവേശിക്കുന്നതായ റിപ്പോർട്ടിലെ പരാമർശം തെറ്റാണെന്നും എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. വസ്തുതവിരുദ്ധമായി റിപ്പോർട്ട് തയ്യാറാക്കിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയ്ക്കായി സംസ്ഥാന സർക്കാരിനെ സമീപിക്കാൻ ഇന്ന് ചേർന്ന ക്ഷേത്രം ഭരണസമിതി യോഗത്തിൽ തീരുമാനമായി.

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല

ശബരിമല സന്നിധാനത്തും പമ്പയിലും നാഷണൽ സെക്യൂരിറ്റി ഗാർഡ്സിൻറെ മോക്ഡ്രിൽ തുടരുന്നു. അതീവ സുരക്ഷാമേഖലയായ ശബരിമലയിൽ ഭീകരാക്രമണം ഉണ്ടായാൽ നേരിടേണ്ട രീതികൾ ഉൾപ്പെടുത്തിയുള്ള മോക്ക്ഡ്രില്ലിൽ 160 എൻ.എസ്.ജി. കമാൻഡോകളാണ് മോക്ഡ്രിൽ നടത്തുന്നത്. പോലീസ് സേന, ആരോഗ്യപ്രവർത്തകർ,

അഗ്നിരക്ഷാ സേന തുടങ്ങി വിവിധ വകുപ്പുകളും മോക്ഡ്രില്ലിന്റെ ഭാഗമാകുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## തെക്കുപടിഞ്ഞാറൻ മൺസൂൺ

തെക്കുപടിഞ്ഞാറൻ മൺസൂൺ കാലയളവിൽ രാജ്യത്ത് ഇക്കുറി സാധാരണയേക്കാൾ കുറഞ്ഞ തോതിലുള്ള മഴയായിരിക്കും ലഭിക്കുക എന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജൂൺ മാസത്തിൽ രാജ്യത്ത് പൊതുവേ മഴ കുറവായിരിക്കും. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴ വരും ദിവസങ്ങളിലും തുടരും. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളും മലപ്പുറവും വയനാടും ഉൾപ്പെടെ 9 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അറബിക്കടലിന്റെയും, ബംഗാൾ ഉൾക്കടലിന്റെയും കൂടുതൽ ഭാഗങ്ങളിലും, ലക്ഷദ്വീപ് പ്രദേശത്തും കാലവർഷം മുന്നേറുന്നതിന് അനുകൂല സാഹചര്യങ്ങൾ നിലനിൽക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റ് രണ്ടാം ക്വാളിഫയറിൽ, ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, രാജസ്ഥാൻ റോയൽസ് പോരാട്ടം. ന്യൂ ചണ്ഡീഗഢ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകുന്നേരം 7:30 നാണ് മത്സരം. വിജയികൾ ഞായറാഴ്ച നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ

ബാത്ത് ഈ മാസം 31 ന് രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിൻറെ 134-ാംം പതിപ്പാണിത്.

☸☸☸☸☸☸☸☸☸☸☸☸☸

## മഴ: എലിപ്പനി, ഡെങ്കിപ്പനി -ജാഗ്രത

മഴക്കാലമെത്തുന്ന സാഹചര്യത്തിൽ എലിപ്പനി, ഡെങ്കിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ . ഡെങ്കിപ്പനിക്ക് കാരണമാകുന്ന ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പെരുകാനുള്ള സാധ്യത കൂടുതലായതിനാൽ ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. കെട്ടിക്കിടക്കുന്ന വെള്ളത്തിലൂടെ എലിപ്പനി പകരാൻ സാധ്യതയുള്ളതിനാൽ വേണ്ട മുൻകരുതൽ സ്വീകരണമെന്നും നിർദ്ദേശത്തിൽ പറയുന്നു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸